ഉത്തരം

(എ) 1-11-1985-ലെ നോട്ടിഫിക്കേഷൻ നമ്പർ 24769/എ3/84/ഉ. വി. വ. അനുസരിച്ച് മലബാർ പ്രദേശത്ത് നിലവിലിരുന്ന മൂന്നു ലോക്കൽ ലൈബ്രറി അതോറിറ്റികളും പിരിച്ചുവിട്ട് മലബാർ പ്രദേശത്തെ ഓരോ റവന്യൂ ജില്ലക്കും പ്രത്യേകം പ്രത്യേകമായി ആറ് ലോക്കൽ ലൈബ്രറി അതോറിറ്റി രൂപീകരിക്കുന്നതിന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) പുതുതായി രൂപംകൊണ്ട മലപ്പുറം, വയനാട്, കാസർകോട് ജില്ലകളിൽ പ്രത്യേകമായി ലോക്കൽ അതോറിറ്റികളും നിലവിലില്ലായിരുന്നു. അവ, കോഴിക്കോട്, കണ്ണൂർ, പാലക്കാട് എന്നീ ജില്ലകളുടെ പരിധിക്ക് പുറത്തായതിനാൽ ഭരണ പരമായ ബുദ്ധിമുട്ടുകൾ ഉണ്ടാകുമെന്നുള്ള കാരണത്താൽ മുൻ മലബാർ പ്രദേശത്തെ ആറ് റവന്യൂ ജില്ലകൾക്കും പ്രത്യേകമായി ലോക്കൽ ലൈബ്രറി അതോറിറ്റികൾ രൂപീകരിക്കേണ്ടത് ഭരണപരമായും വായനശാലാ പ്രസ്ഥാനത്തിന്റെ അഭിവൃത്തിക്കും ആവശ്യമാണെന്ന് ഗവൺമെന്റിന് ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഓരോ റവന്യൂ ജില്ലയ്ക്കും ഓരോ ലോക്കൽ ലൈബ്രറി അതോറിറ്റി രൂപീകരിക്കുന്നതിന് നിർദ്ദേശം നൽകുകയുണ്ടായി.

എന്നാൽ കോഴിക്കോട് ലോക്കൽ ലൈബ്രറി അതോറിറ്റി ചെയർമാൻ കേരള ഹൈക്കോടതിയിൽനിന്നും ഒരു സ്റ്റേ സമ്പാദിച്ചതുകാരണം അനന്തര നടപടികൾ മുടങ്ങിക്കിടക്കുകയാണ്.

വിദ്യാഭ്യാസ വകുപ്പിൽ പട്ടികജാതി പട്ടിക വർഗ്ഗക്കാർക്കുള്ള സ്പെഷ്യൽ റിക്രൂട്ട്മെന്റ്

524. [726] ശ്രീ. വർക്കല രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദ്യാഭ്യാസവകുപ്പിൽ പട്ടികജാതി പട്ടികവർഗ്ഗക്കാർക്കുള്ള സ്പെഷ്യൽ റിക്രൂട്ട്മെന്റ് പദ്ധതി അനുസരിച്ച് 1978-ൽ കണ്ണൂർ ജില്ലയിൽ നിയമിക്കപ്പെടുകയും തുടർന്ന് കാസർഗോഡ് ജില്ല രൂപീകരിച്ചപ്പോൾ ആ ജില്ലയിൽപ്പെടുകയും ചെയ്ത എത്ര ഹൈസ്ക്കൂൾ അസിസ്റ്റന്റുമാർക്ക് ഇനിയും പ്രൊമോഷൻ പ്രഖ്യാപിക്കേണ്ടതായുണ്ട് ;

(ബി) ആ ഹൈസ്ക്കൂൾ അസിസ്റ്റന്റുമാരിൽ എത്ര ഹിന്ദി അദ്ധ്യാപകരുണ്ട് ;

(സി) ഈ അദ്ധ്യാപകരുടെ പ്രൊമോഷൻ പ്രഖ്യാപിക്കുന്നതിന് കാലതാമസം ഉണ്ടാകുന്നതിന് കാരണമെന്ത് ;

(ഡി) ഈ കാലതാമസം ഒഴിവാക്കി ഈ അദ്ധ്യാപകരുടെ പ്രൊമോഷൻ പ്രഖ്യാപിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഒന്ന്.
(ബി) ഒന്ന്.
(സി) നിയമനം റഗുലറൈസ് ചെയ്യാനുള്ള താമസം.
(ഡി) നടപടി സ്വീകരിച്ചു കഴിഞ്ഞിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly